## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1933 04.12.2018 ൽ മറുപടിയ്ക്ക്**

**വാഹനങ്ങളിൽ കുട്ടികൾക്കുള്ള സുരക്ഷാ ക്രമീകരണങ്ങൾ**

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സീറ്റ് ബെൽറ്റ് ഉടങ്ങിയ സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത മൂലം അപകടങ്ങളിൽപ്പെടുന്ന വാഹനങ്ങളിലെ കുട്ടികൾക്ക് മാരകമായി പരിക്കേൽക്കുന്നതും മരണം സംഭവിക്കുന്നതും തടയാൻ വാഹനങ്ങളിൽ കുട്ടികൾക്കുള്ള സുരക്ഷാ ക്രമീകരണങ്ങൾ നിർബന്ധമാക്കുന്നത് പരിഗണിക്കുമോ; | (എ) യും (ബി) യും | എല്ലാ കാറുകളിലും മുൻസീറ്റിലും, പിൻസീറ്റിലും യാത്രക്കാർക്ക് സീറ്റ് ബെൽറ്റുകൾ നിർബന്ധമാണ്. ഇവ ധരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും, അവബോധന ക്ലാസ്സുകളും നടത്തിവരുന്നു. സീറ്റ് ബെൽറ്റ് ധരിക്കാതെ വാഹനമോടിക്കുന്നതിനെതിരെയും, ധരിക്കാതെ മുൻസീറ്റിൽ യാത്ര ചെയ്യുന്നതിനെതിരെയും നടപടികൾ സ്വീകരിക്കുന്നുണ്ട്. 01.04.2015 മുതൽ നിർമ്മിക്കുന്ന സ്വകാര്യ കാറുകളിൽ (M1 Category) Child Restraint System ഘടിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും കേന്ദ്ര മോട്ടോർ വാഹന ചട്ടം [125-(8)] നിഷ്കർഷിക്കുന്നുണ്ട്. സീറ്റ് ബെൽറ്റും, കുട്ടികൾക്കുള്ള സീറ്റും നിർബന്ധമാക്കുന്ന കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം [125-(8)] ഉം [138-(3)] ഉം കർശനമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവിക്കും ഗതാഗത കമ്മീഷണർക്കും നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങൾ വാഹനങ്ങളിൽ ഉറപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ